2025 FEBRUARY
28
FRIDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# കിട്ടാക്കടം പെരുകുന്നു: മൈക്രോ ഫിനാൻസ് മേഖലയിലെ നിഷ്ക്രിയ ആസ്തി 50,000 കോടിയായി

**ന്യൂദൽഹി:** മൈക്രോ ഫിനാൻസ് മേഖലയിലെ നിഷ്ക്രിയ ആസ്തി ഇതാദ്യമായി 50,000 കോടി രൂപ പിന്നിട്ടു. മൊത്തം വായ്പകളിൽ കിട്ടാക്കടമായി മാറിയേക്കാവുന്ന പോർട്ഫോളിയോ ഒരു വർഷം മുമ്പത്തെ ഒരു ശതമാനത്തിൽനിന്ന് 3.2 ശതമാനമായി ഉയരുകയും ചെയ്തു. 2024 ഡിസംബർ അവസാനം വരെയുള്ള കണക്കുകൾ പ്രകാരമാണ് ഈ വിലയിരുത്തൽ. വായ്പ നൽകുന്നതിലെ ഗുരുതരമായ വീഴ്ചയായാണ് ഇതിനെ കണക്കാക്കുന്നത്.



നിഷ്ക്രിയ ആസ്തിയിലെ വർധനവിന് ആനുപാതികമായി തുടർച്ചയായി മൂന്നാമത്തെ പാദത്തിലും മൈക്രോ ഫിനാൻസ് വായ്പകളുടെ തോതിൽ കുറവുണ്ടായി. മൂന്നു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ള താഴ്ന്ന വരുമാനക്കാർക്ക് ഈടില്ലാതെ നൽകുന്ന വ്യായ്പാകളാണ് മൈക്രോ ഫിനാൻസിൽ ഉൾപ്പെടുന്നത്. ഈ വായ്പകളേറെയും എടുത്തിട്ടുള്ളത് സ്ത്രീകളാണ്.


ഈ വിഭാഗത്തിൽ കൂടുതൽ വായ്പകൾ നൽകിയ ബന്ധൻ, ഐഡിഎഫ്സി ഫെസ്റ്റ്, ഇൻഡസിൻഡ്, ആർബിഎൽ എന്നീ ബാങ്കുകളാണ് സമ്മർദം നേരിടുന്നത്. ഡിസംബർ 31വരെയുള്ള കണക്ക് പ്രകാരം, ബന്ധൻ ബാങ്ക് നൽകിയ സുരക്ഷിതമല്ലാത്ത 56,120 കോടി രൂപ മൂല്യമുള്ള വായ്പകളിൽ 7.3 ശതമാനം കിട്ടാക്കടമായി. ഈടില്ലാത്ത വായ്പകളാണ് സുരക്ഷിതമല്ലാത്ത വായ്പകളായി കണക്കാക്കുന്നത്. സുരക്ഷിതമല്ലാത്ത എല്ലാ വായ്പകളും മൈക്രോ ഫിനാൻസിൽ ഉൾപ്പെടുന്നുമില്ല.

മൈക്രോ ഫിനാൻസ് മേഖലയിലെ സമ്മർദം സ്മോൾ ഫിനാൻസ് ബാങ്കുകളുടെ പ്രവർത്തന ഫലത്തിൽ പ്രതിഫലിക്കുകയും ചെയ്തു. മൂന്നാം പാദത്തിലെ അറ്റാദായത്തിൽ നഷ്ടം രേഖപ്പെടുത്തി. ഈ വിഭാഗം ബാങ്കുകളുടെ മൈക്രോ ഫിനാൻസ് വായ്പകളിൽ 18.3 ശതമാനത്തോളം നഷ്ക്രിയ ആസ്തിയായി മാറുകയും ചെയ്തു. വൻകിട ബാങ്കുകളുടെ അനുപാതമാകട്ടെ 15.7 ശതമാനമാണ്.

മൈക്രോ വായ്പകളുടെ റിസ്ക് വെയ്റ്റേജ് 125 ശതമാനത്തിൽനിന്ന് 75 ശതമാനമായി കുറയ്ക്കാനുള്ള ആർബിഐയുടെ നീക്കം മൈക്രോ ഫിനാൻസ് കമ്പനികൾക്ക് നേട്ടമാകും. ഫണ്ടിനുള്ള ചെലവ് കുറയുകയും കൂടുതൽ വായ്പ നൽകാനുള്ള പണം ലഭിക്കുകയും ചെയ്യും.

രാജ്യത്തെ ബാങ്കിങ് സംവിധാനത്തിന് ഭീഷണിയാകുമെന്ന് കണ്ടാണ് 2023 നവംബറിൽ വായ്പകളുടെ റിസ്ക് വെയ്റ്റേജ് 100 ശതമാനത്തിൽ നിന്ന് 125 ശതമാനമായി ആർബിഐ ഉയർത്തിയത്. വായ്പ നൽകുമ്പോൾ അപ്രതീക്ഷിതമായി തിരിച്ചടിയുണ്ടായാലും പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ നിശ്ചിത ശതമാനം തുക കരുതൽധനമായി നീക്കിവെയ്ക്കണമെന്നാണ് റിസർവ് ബാങ്കിന്റെ വ്യവസ്ഥ. ഇതാണ് റിസ്ക് വെയ്റ്റേജ്.

# തുഹിൻ കാന്ത പാണ്ഡെ സെബി മേധാവി; നിയമനം മൂന്നു വർഷത്തേക്ക്



**ന്യൂഡൽഹി:** ഓഹരിവിപണി നിയന്ത്രണ ഏജൻസിയായ സെബിയുടെ (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ) മേധാവിയായി തുഹിൻ കാന്ത പാണ്ഡെയെ നിയമിച്ചു. മൂന്നു വർഷത്തേക്കാണ് നിയമനം. നിലവിലെ ചെയർപഴ്സൻ മാധബി പുരി ബുച്ചിന്റെ കാലാവധി ഇന്ന് അവസാനിക്കും. മാർച്ച് 1 അവധിയായതിനാൽ തിങ്കളാഴ്ചയായിരിക്കും പുതിയ മേധാവി ചുമതലയേൽക്കുക.

1987 ബാച്ച് ഒഡീഷ കേഡർ ഐഎഎസ് ഉദ്യോഗസ്ഥനായ തുഹിൻ കാന്ത പാണ്ഡെ നിലവിൽ കേന്ദ്ര റവന്യു സെക്രട്ടറിയും ധനകാര്യ സെക്രട്ടറിയുമാണ്. മുൻപ് ഇൻവെസ്റ്റ്മെന്റ് ആൻഡ് പബ്ലിക് അസറ്റ് മാനേജ്മെന്റ് വകുപ്പ് (ഡിപാം) സെക്രട്ടറിയായിരുന്നു. ഇന്ത്യൻ ചരിത്രത്തിലെ ഏറ്റവും വലിയ പ്രഥമ ഓഹരിവിൽപനയിലൂടെ (ഐപിഒ) ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഹരിവിപണിയുടെ ഭാഗമായത് പാണ്ഡെയുടെ നേതൃത്വത്തിലായിരുന്നു.

സെബിയുടെ മേധാവിയായ ആദ്യ വനിത, ഏറ്റവും പ്രായം കുറഞ്ഞ സെബി മേധാവി, സ്വകാര്യ മേഖലയിൽ നിന്ന് സെബിയുടെ മേധാവിയായ ആദ്യ വ്യക്തി എന്നീ നേട്ടങ്ങളോടെയാണ് മാധബി പുരി ബുച്ചിന്റെ പടിയിറക്കം. അതേസമയം, അദാനിയുമായി ബന്ധപ്പെട്ട ഹിൻഡൻബർഗ് റിപ്പോർട്ടിനെത്തുടർന്ന് മാധബി വിവാദത്തിലായിരുന്നു.

## കുംഭ മേളയിലെ ശുചീകരണ തൊഴിലാളികൾക്ക് 10,000 രൂപ ബോണസ്; ഏപ്രിൽ മുതൽ കുറഞ്ഞ കൂലി 16,000 രൂപ

**ലക്നൗ:** മഹാകുംഭ മേളയിലെ ശുചീകരണ തൊഴിലാളികൾക്ക് ഉത്തർപ്രദേശ് സർക്കാർ 10,000 രൂപ ബോണസ് പ്രഖ്യാപിച്ചു. ഇവരുടെ കുറഞ്ഞ കൂലി ഏപ്രിൽ മുതൽ 16,000 രൂപയായിരിക്കും. ആയുഷ്മാൻ ഭാരത് വഴി സൗജന്യ ചികിത്സയും നൽകുമെന്നും മുഖ്യമന്ത്രി യോഗി ആദിത്യനാഥ് പറഞ്ഞു.

45 ദിവസം നീണ്ടുനിന്ന മഹാകുംഭ മേള ഇന്നലെയാണ് സമാപിച്ചത്. 66.21 കോടിയിലേറെ ഭക്തർ ത്രിവേണീസംഗമത്തിൽ പുണ്യസ്നാനം ചെയ്തെന്നു മുഖ്യമന്ത്രി അറിയിച്ചു. ശിവരാത്രി ദിനത്തിൽ മാത്രം 1.53 കോടി പേരാണ് അമൃത് സ്നാനത്തിനെത്തിയത്.

# വിഴിഞ്ഞം ; തുറമുഖ ചെക്ക്പോസ്റ്റിന് അനുമതിയായില്ല

**തിരുവനന്തപുരം:** വിഴിഞ്ഞം തുറമുഖം വാണിജ്യ പ്രവർത്തനം തുടങ്ങി 3 മാസമായിട്ടും രാജ്യാന്തര യാത്രക്കാരെ കടത്താനും ചരക്ക് നീക്കാനുമുള്ള 'ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റി'ന് (ഐസിപി) അംഗീകാരമായില്ല. കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിനു കീഴിലെ ബ്യൂറോ ഓഫ് ഇമിഗ്രേഷനാണു തീരുമാനമെടുക്കേണ്ടത്. ഇപ്പോൾ നടക്കുന്ന 'ട്രാൻസ്ഷിപ്മെന്റി'നു പുറമേ വരുമാനം കണ്ടെത്തണമെങ്കിലും ഐസിപി പദവി നിർബന്ധമാണ്.

ചെക്ക് പോസ്റ്റ് വന്നാൽ എത്തുന്ന കപ്പലിലെ ജീവനക്കാർക്കു ക്രൂ ചേഞ്ചിന്റെ ഭാഗമായി കരയ്ക്കിറങ്ങാൻ കഴിയും. അവർക്ക് ഹോട്ടൽ മുറികളും ടാക്സികളും വേണ്ടിവരും. വിമാനത്താവളം അടുത്തുതന്നെ ആണെന്നതും അനുകൂല ഘടകമാണ്. കോവിഡ് കാലത്തു പ്രത്യേക അനുമതിയോടെ വിഴിഞ്ഞത്തു ക്രൂ ചേഞ്ച് നടത്തിയിരുന്നു. 20 കോടിയുടെ വരുമാനമാണു സർക്കാരിന് ഇതുവഴി ലഭിച്ചത്. ഇപ്പോൾ അടിയന്തര സാഹചര്യത്തിൽ കപ്പൽ ജീവനക്കാരെ കരയ്ക്കിറക്കാറുണ്ടെങ്കിലും അത് ആരോഗ്യ പരിശോധനയ്ക്കും മറ്റും മാത്രമാണ്.

3 മാസത്തിനിടെ ഇന്നലെ വരെ 184 കപ്പലുകൾ തുറമുഖത്തു വന്നുപോയി. ഇതിലെ ജിഎസ്ടി വരുമാനത്തിന്റെ വിഹിതം മാത്രമാണു കേരളത്തിനു ലഭിച്ചത്. ഇറക്കുമതിയും കയറ്റുമതിയും തുടങ്ങാനായിട്ടില്ല. ഇതിലും ആദ്യ കടമ്പ ഐസിപി അംഗീകാരമാണ്. തുറമുഖം വാണിജ്യപ്രവർത്തനം തുടങ്ങിയ ഡിസംബർ മൂന്നിനു മുൻപു തന്നെ ഐസിപിക്ക് അപേക്ഷ നൽകിയിരുന്നു. ഗതാഗത സംവിധാനത്തിന്റെ പോരായ്മയുമുണ്ട്. ദേശീയപാതയുടെ സർവീസ് റോഡ് വഴി ചരക്കു നീക്കത്തിനുള്ള താൽക്കാലിക സംവിധാനമാണ് തയാറാക്കിയതെങ്കിലും ദേശീയപാതാ അതോറിറ്റിയുടെ അനുമതി ലഭിക്കാത്തതിനാൽ പ്രവർത്തനസജ്ജമായിട്ടില്ല.



സൊസൈറ്റി ടുഡേ
SOCIETY TODAY




തൊഴിൽ നികുതി വർധനവ്,അനധികൃത വഴിയോര കച്ചവടം എന്നിവയ്ക്കെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലകമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കൊച്ചി കോർപ്പറേഷൻ ഓഫിസ് ഉപരോധം കെ.വി.വി.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റും യൂത്ത് വിംഗ് സംസ്ഥാന കോർഡിനേറ്ററുമായ എം.ജെ ഷാജഹാൻ ഉദ്ഘാടനം ചെയ്യുന്നു. ശ്രീനാഥ് മംഗലത്ത്, അബ്ദുൾ റസാഖ്, ജയാ പീറ്റർ, എം,സി പോൾസൺ, ജിമ്മി ചക്യത്ത്, അജ്മൽ കാമ്പായി, പ്രദീപ് ജോസ്, കെ.സി മുരളീധരൻ, പി.സി ജേക്കബ്ബ്, സുഷിൽ കോത്താരി, കെ.എം മൻസൂർ തുടങ്ങിയവർ സമീപം

# തൊഴിൽ നികുതി വർധനവ്; കെവിവിഇഎസ് യൂത്ത് വിംഗ് കൊച്ചി കോർപ്പറേഷൻ ഉപരോധിച്ചു

**കൊച്ചി:** തൊഴിൽ നികുതി വർധനവ്,അനധികൃത വഴിയോര കച്ചവടം എന്നിവയ്ക്കെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലകമ്മിറ്റിയുടെ നേതൃത്വത്തിൽ കൊച്ചി കോർപ്പറേഷൻ ഓഫിസ് ഉപരോധിച്ചു. പോലീസ് ബാരിക്കേഡ് മറികടന്ന് കോർപ്പറേഷനിലേക്ക് തള്ളിക്കയറാൻ ശ്രമിച്ച യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, യൂത്ത് വിംഗ് നേതാക്കളായ സുഷിൽ കോത്താരി, പി.പി രാഹുൽ, കെ.സി സുനീഷ്, കെ.സി മുരളീധരൻ,ഷിഹാബ്, സി.കെ റിയാസ് എന്നിവരെ പോലീസ് അറസ്റ്റു ചെയ്തു നീക്കി.

ഇവരെ പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു. രാജേന്ദ്രമൈതാനത്ത് നിന്നും ആരംഭിച്ച പ്രതിഷേധ മാർച്ച് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് ഫൽഗ് ഓഫ് ചെയ്തു. തുടർന്ന് കൊച്ചി കോർപ്പറേഷൻ ഓഫിസിനു മുന്നിൽ നടന്ന ഉപരോധ സമരം കെ.വി.വി.ഇ.എസ് സംസ്ഥാന വൈസ് പ്രസിഡന്റും യൂത്ത് വിംഗ് സംസ്ഥാന കോർഡിനേറ്ററുമായ എ.ജെ ഷാജഹാൻ ഉദ്ഘാടനം ചെയ്തു. വ്യാപാരമേഖലയെ കടുത്ത പ്രതിസന്ധിയിലാക്കുന്ന വിധം നടത്തിയിട്ടുള്ള തൊഴിൽ നികുതി വർധനവ് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്ന് ഷാജഹാൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.10 ലക്ഷത്തോളം വരുന്ന വ്യാപാരികളെ രൂക്ഷമായി ബാധിക്കുന്ന തീരുമാനം സർക്കാർ പുനപരിശോധിക്കണമെന്നും ഷാജഹാൻ ആവശ്യപ്പെട്ടു. ചെറുകിട വ്യാപാര മേഖലയെ ഇല്ലായ്മ ചെയ്യാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും ഇത് ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ലെന്നും മുഖ്യപ്രഭാഷണം നടത്തിയ സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജേക്കബ്ബ് പറഞ്ഞു. യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ് അധ്യക്ഷത വഹിച്ചു. ഏകോപന സമിതി ജില്ലാ വർക്കിംഗ് പ്രസിഡന്റ് ജിമ്മി ചക്യത്ത്, ജില്ലാ വൈസ് പ്രസിഡന്റ് അബ്ദുൾ റസാഖ്, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയാ പീറ്റർ, എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം. സി പോൾസൺ, ജനറൽ സെക്രട്ടറി എഡ്വേർഡ് ഫോസ്റ്റസ്, ട്രഷറർ അബ്ദുൾ ഷുക്കൂർ, യൂത്ത് വിംഗ് ജില്ലാ ജനറൽ സെക്രട്ടറി വിനോദ് ബേബി, ട്രഷറർ അജ്മൽ കാമ്പായി, വൈസ് പ്രസിഡന്റുമാരാ. ശ്രീനാഥ് മംഗലത്ത്, ജംഷീർ വാഴയിൽ തുടങ്ങിയവർ സംസാരിച്ചു.




തൊഴിൽ നികുതി വർധനവ്,അനധികൃത വഴിയോര കച്ചവടം എന്നിവയ്ക്കെതിരെ കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലകമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ കൊച്ചി കോർപ്പറേഷൻ ഓഫിസ് ഉപരോധത്തിനിടയിൽ യൂത്ത് വിംഗ് എറണാകുളം ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസിനെ പോലിസ് അറസ്റ്റു ചെയ്തു നീക്കുന്നു

# പദ്ധതി നിർദേശങ്ങൾക്ക് കോട്ടയം ജില്ലാ പഞ്ചായത്ത് വികസനസമിതിയുടെ അംഗീകാരം

**കോട്ടയം:** കാർഷിക, സാമൂഹികക്ഷേമ, ആരോഗ്യ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ തദേശസ്ഥാപനങ്ങളുടെ പദ്ധതി നിർദേശങ്ങൾക്ക് ജില്ലാ പഞ്ചായത്ത് വികസനസമിതി യോഗത്തിൻറെ അംഗീകാരം. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ഹേമലത പ്രേം സാഗറിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗം ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്തുഹാളിൽ ചേർന്ന യോഗത്തിൽ ജില്ലാ കളക്ടർ ജോൺ വി. സാമുവൽ കരട് പദ്ധതി രേഖ പ്രകാശനം ചെയ്തു.

കാർഷികമേഖലയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, പുറംബണ്ട് ബലപ്പെടുത്തൽ, സോളാർ പമ്പ് സ്ഥാപിക്കൽ, ഫാമുകളുടെ അടിസ്ഥാന വികസനം, വാഴപച്ചക്കറി കൃഷികൾക്ക് ധനസഹായം, കോഴാ ഫാമിൽ ഫാം ടൂറിസം തുടങ്ങിയ പദ്ധതികൾ നിർദേശിക്കുന്നു.

ജില്ലാ ആശുപത്രിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, സൗര തെരുവുവിളക്കുകൾ സ്ഥാപിക്കൽ, ജില്ലാ പഞ്ചായത്തിൻറെ ആസ്തികളിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ നവീകരണം എന്നിവയും നിർദേശങ്ങളിൽപ്പെടുന്നു.

ക്ഷീരകർഷകർക്ക് പാലിന് ഇൻസെൻറീവ് നൽകുന്നതിന് ഒരു കോടി രൂപ, കാലിത്തീറ്റ സബ്ഡിഡിക്ക് 50 ലക്ഷം രൂപ, ക്ഷീരകർഷകർക്ക് ഇൻഷുറൻസിന് 20 ലക്ഷം രൂപ, ക്ഷീരവർധിനി റിവോൾവിംഗ് ഫണ്ടിന് 10 ലക്ഷം രൂപ എന്നിങ്ങനെ ക്ഷീര വികസനത്തിന് പരിഗണന നൽകിയിട്ടുണ്ട്.

മരുന്നു വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഉൾപ്പെടെ ആരോഗ്യമേഖലയ്ക്കും പദ്ധതി നിർദേശങ്ങളിൽ പരിഗണന നൽകിയിട്ടുണ്ട്.

ലഹരിക്കെതിരേ മാരത്തൺ, സ്കൂളുകളിലും പൊതു ഇടങ്ങളിലും പെൺകുട്ടികൾക്കുവേണ്ടി പ്രത്യേക ഇടങ്ങൾ സജ്ജീകരിക്കൽ, വിവിധ മേഖലകളിൽ മണിക്കൂർ അടിസ്ഥാനത്തിൽ തൊഴിൽ ആവശ്യമുള്ള വനിതകളെയും തൊഴിൽദാതാക്കളെയും കണ്ടെത്തുന്നതിന് പോർട്ടൽ സംവിധാനമൊരുക്കൽ, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമിക്കൽ തുടങ്ങിയ പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ജോസ് പുത്തൻകാലാ, അംഗങ്ങളായ മഞ്ജു സുജിത്ത്, പി.എം. മാത്യു, പി.എസ്. പുഷ്പമണി, ജെസി ഷാജൻ, അംഗങ്ങളായ കെ.വി. ബിന്ദു, നിർമല ജിമ്മി, രാധാ വി. നായർ, ടി.എസ്. ശരത്, ശുഭേഷ് സുധാകർ, രാജേഷ് വാളിപ്ലാക്കൽ, അഡ്വ. ഷോൺ ജോർജ്, പി.ആർ. അനുപമ, ടി.എൻ. ഗിരീഷ് കുമാർ, റെജി എം. ഫിലിപ്പോസ്, നിബു ജോൺ,

സുധാ കുര്യൻ, പി.കെ. വൈശാഖ്, ഡോ. റോസമ്മ സോണി, ജോസ്മോൻ മുണ്ടയ്ക്കൽ, ഹൈമി ബോബി, ആസൂത്രണ സമിതി ഉപാധ്യക്ഷൻ ഗിരീഷ് എസ്. നായർ, ജില്ലാ പ്ലാനിംഗ് ഓഫീസർ എം.പി. അനിൽ കുമാർ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി പി.എസ്. ഷിനോ എന്നിവർ പങ്കെടുത്തു.

# സമഗ്ര വിദ്യാഭ്യാസം എല്ലാവരിലും എത്തിക്കേണ്ടത് അനിവാര്യം: സുരേഷ് ഗോപി

**തൃശൂർ:** ഭാരതത്തിൽ പ്രാചീനമായി ഉണ്ടായിരുന്ന പല അറിവുകളും ഇന്ന് കാലഹരണപ്പെട്ടതായി പരിഗണിച്ച് മാറ്റിനിർത്തപ്പെടുന്നുവെന്നും, ഇത്തരം അറിവുകൾ മനുഷ്യ സമൂഹത്തിൻറെ മാനസികവും ശാരീരികവുമായ ആരോഗ്യത്തിന് പരമപ്രധാനമായ സ്ഥാനം വഹിക്കുന്നവയാണെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. സെൻറ് തോമസ് കോളജിൽ ആരംഭിച്ച ഐകെഎസ് സെൻററിൻറെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽ വിദ്യാഭ്യാസമേഖലയിൽ ഇന്ത്യൻ നോളജ് സിസ്റ്റം പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നത് കാലോചിതമാണെന്നും ക്രൈസ്തവ മാനേജ്മെൻറിനു കീഴിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്ത്യൻ നോളജ് സിസ്റ്റം പാഠ്യ, ഗവേഷണ പ്രവർത്തനങ്ങളുടെ ഭാഗമാകുന്നത് പ്രശംസനീയാർഹമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

പുതുതലമുറയെ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹിക സാംസ്കാരിക മൂല്യച്യുതിയിൽനിന്ന് രക്ഷിക്കണമെങ്കിൽ സമഗ്ര വിദ്യാഭ്യാസം എല്ലാവരിലും എത്തിക്കേണ്ടത് അനിവാര്യമാണെന്നും സുരേഷ് ഗോപി ചൂണ്ടിക്കാട്ടി. കോളജിലെ പൂർവ വിദ്യാർഥി സംഘടന (സ്റ്റാർ) ആരംഭിക്കുന്ന നിർധന വിദ്യാർഥികൾക്കായുള്ള സ്കോളർഷിപ് പദ്ധതിയിലേക്ക് അദ്ദേഹം ഒരു ലക്ഷം രൂപ കൈമാറി. വിദ്യാർഥികൾ രചിച്ച ഹൈകു കവിതകൾ അടങ്ങിയ പുസ്തകത്തിൻറെ പ്രകാശനവും അദ്ദേഹം നിർവഹിച്ചു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു.

കോളജ് എക്സിക്യൂട്ടീവ് മാനേജർ ഫാ. ബിജു പാണേങ്ങാടൻ കേന്ദ്ര സഹമന്ത്രിയെ ആദരിച്ചു. പ്രിൻസിപ്പൽ ഡോ. മാർട്ടിൻ, ഐകെഎസ് സെൻറർ ഡയറക്ടർ സിസ്റ്റർ ഷീബ, ഡോ. ദിവ്യ ജോർജ്, കോളജ് പൂർവവിദ്യാർഥി സംഘടന പ്രസിഡൻറ് സി.എ. ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു.

ഉന്നത വിദ്യാഭ്യാസരംഗത്ത് ഭാരതീയ പൈതൃക അറിവുകൾ വിദ്യാഭ്യാസത്തിൻറെ ഭാഗമാക്കുക, ഇതുമായി ബന്ധപ്പെട്ട് ഗവേഷണങ്ങൾ നടത്തുക, ശാസ്ത്രീയമായി സാധൂകരിച്ചവ സമൂഹത്തിൽ പ്രചരിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളുമായാണ് സെൻറർ പ്രവർത്തനം ആരംഭിച്ചിരിക്കുന്നത്.

സൊസൈറ്റി ടുഡേ
SOCIETY TODAY




ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ) ഒറ്റ സംഘടനയായി പ്രവർത്തിക്കാനുള്ള തീരുമാനം സംഘടനയുടെ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഭീമാ ഗ്രൂപ്പ് ചെയർമാൻ ബി. ഗോവിന്ദൻ എറണാകുളം പ്രസ് ക്ലബ്ബിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ പ്രഖ്യാപിക്കുന്നു. ജെയിംസ് ജോസ്, കെ. എം ജലീൽ പാലക്കാട്, ജസ്റ്റിൻ പാലത്ര,ബിന്ദു മാധവ് സമീപം

# ലയനം പൂർത്തിയായി; സ്വർണ്ണ വ്യാപാരികൾക്ക് ഇനി ‘എ.കെ.ജി.എസ്.എം.എ’ എന്ന ഒറ്റ സംഘടന

**കൊച്ചി:** ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ (എ.കെ.ജി.എസ്.എം.എ) എന്ന പേരിലുള്ള സ്വർണ്ണവ്യാപാരികളുടെ രണ്ടു സംഘടനകൾ ഇനി ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ എന്ന പേരിൽ ഒറ്റ സംഘടനയായി പ്രവർത്തിക്കും. ഭീമാ ഗ്രൂപ്പ് ചെയർമാനും ഇന്ത്യൻ ബുള്ളിയൻ ജുവലറി അസോസിയേഷൻ ദക്ഷിണ മേഖല ചെയർമാനുമായ ബി. ഗോവിന്ദൻ ആണ് സംഘടനയുടെ ചെയർമാൻ. ജസ്റ്റിൻ പാലത്രയാണ് പ്രസിഡന്റ്. കെ. എം ജലീൽ പാലക്കാട് (ജനറൽ സെക്രട്ടറി), ബിന്ദു മാധവ് ഭീമ കൊച്ചി(ട്രഷറർ), ബി.ഗിരിരാജൻ കോഴിക്കോട് ഭീമ ഐ, ഇസ്മയിൽ കുട്ടി ഹാജി കായംകുളം (രക്ഷാധികാരികൾ) എന്നിവരാണ് മറ്റു ഭാരവാഹികൾ. ആർ പരമേശ്വരൻ പിള്ള, ഭീമ പട്ടർ, പി.ടി ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ 1945 ലാണ് ഓൾ കേരള ഗോൾഡ് ആന്റ് സിൽവർ മർച്ചന്റസ് അസോസിയേഷൻ എന്ന പേരിൽ സംഘടന രൂപീകരിച്ചത്. സംഘടനയിലുണ്ടായ അഭിപ്രായ വ്യത്യാസത്തെ തുടർന്നാണ് 2013ൽ ഒരു വിഭാഗം മാതൃസംഘടനയിൽ നിന്നും വിട്ട് മാറി ഇതേ പേരിൽ മറ്റൊരു സംഘടനയ്ക്ക് തുടക്കം കുറിച്ചത്. 80 വർഷം പൂർത്തിയാകുന്ന വേളയിൽ മുമ്പില്ലാത്തവിധമുള്ള സ്വർണ്ണ വില വർധന, അന്യായമായമായ പോലിസ് റിക്കവറി, ഇ വേ ബിൽ പരിധി ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങളെ തുടർന്ന് ചെറുകിട സ്വർണ്ണ വ്യാപാരികളുടെ നിലനിൽപ്പ് തന്നെ പ്രതിസന്ധിയിലാകുന്ന സാഹചര്യം ഉടലെടുത്തതിനെ തുടർന്ന് ഇരുവിഭാഗവും നടത്തിയ ചർച്ചകൾക്കൊടുവിലാണ് ലയനം പൂർത്തിയാക്കിയതെന്ന് ബി. ഗോവിന്ദൻ, ജസ്റ്റിൻ പാലത്ര, കെ. എം ജലീൽ പാലക്കാട് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. സംഘടനയുടെ ആസ്ഥാന മന്ദിരം ആലപ്പുഴയാണ്. കൊച്ചിയിലെ പി.ടി ചെറിയാൻ സ്വർണ്ണഭവനും ഒരുമിച്ചുള്ള സംഘടനയുടെ ഭാഗമാകും. നിലവിലുള്ള അവകാശതർക്ക കേസുകൾ പിൻവലിക്കുമെന്നും ഏപ്രിൽ മാസത്തിൽ കേരളത്തിലെ എല്ലാ ജുവലറി ഉടമകളുടെയും സംസ്ഥാന സമ്മേളനം വിളിച്ചു ചേർക്കുമെന്നും ഭാരവാഹികൾ വ്യക്തമാക്കി. വൺ ഇന്ത്യ വൺ ഗോൾഡ് റേറ്റ് എന്നതാണ് സംഘടനയുടെ ലക്ഷ്യം കേരളത്തിൽ ഇത് തങ്ങൾ നടപ്പിലാക്കുന്നുണ്ട് തങ്ങളുടെ ഈ മാതൃക ദക്ഷിണേന്ത്യയിലെ ഏഴു സംസ്ഥാനങ്ങൾ പിന്തുടരുന്നുണ്ട്. ഇത് ഇന്ത്യയൊട്ടാകെ നടപ്പിലാക്കാനുള്ള ശ്രമങ്ങളാണ് തങ്ങൾ നടത്തുന്നതെന്നും ഭാരവാഹികൾ വ്യക്തമാക്കി. ഇനി മുതൽ കേരളത്തിൽ എ.കെ.ജി.എസ്.എം.എ സ്വർണ്ണ ഭവൻ എന്നപേരിൽ സ്വർണ്ണത്തിന് ഒറ്റ വിലയാകും ഉണ്ടാകുകയെന്നും ഇവർ വ്യക്തമാക്കി. എ.കെ.ജി.എസ്.എം.എ സെക്രട്ടറിയേറ്റംഗം ജെയിംസ് ജോസും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# കരുമാലൂർകുന്നുകര കുടിവെള്ള പദ്ധതി: 13.05 കോടിയുടെ രണ്ടാം പാക്കേജ് ടെൻഡറിന് അംഗീകാരം

**കരുമാലൂർ :** കളമശേരി മണ്ഡലത്തിലെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്ന പ്രധാന പദ്ധതികളിൽ ഒന്നായ കരുമാലൂർ കുന്നുകര കുടിവെള്ള വിതരണ കിഫ്ബി പദ്ധതിയുടെ ഒന്നാം ഘട്ട (പാക്കേജ് 3) ത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികളുടെ 13,05,58,773 രൂപയുടെ ടെൻഡർ അംഗീകരിച്ചു. ഇന്നത്തെ മന്ത്രിസഭാ യോഗത്തിൻറേതാണ് ഈ തീരുമാനം. ഇതോടെ പദ്ധതിയുടെ ഒന്നാംഘട്ടത്തിലുൾപ്പെട്ട രണ്ടു പാക്കേജുകളുടെ ടെൻഡറുകൾക്ക് അനുമതിയായി.

യുസി കോളജിൽ നിലവിലുള്ള ഓവർഹെഡ് സ്റ്റോറേജ് ടാങ്കിലേക്കും, മാഞ്ഞാലിയിലെ നിർദ്ദിഷ്ട ഓവർഹെഡ് ടാങ്കിലേക്കും 250 എംഎം ഡിഐകെ 9 ക്ലിയർ വാട്ടർ പമ്പിംഗ് മെയിനിൻറെ വിതരണം, ലെയിംഗ്, ചാർജിംഗ്, കമ്മീഷൻ ചെയ്യൽ, മാഞ്ഞാലിയിൽ 10.50 എൽഎൽ ശേഷിയുള്ള ഓവർഹെഡ് ടാങ്കിൻറെ നിർമാണം എന്നിവയ്ക്കായുള്ള ടെൻഡറിനാണ് അംഗീകാരമായത്. നടപടിക്രമങ്ങൾ അതിവേഗം പൂർത്തിയാക്കി പദ്ധതി സാക്ഷാത്കരിക്കാനാണ് ശ്രമിക്കുന്നതെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു.

കരുമാല്ലൂർ കുന്നുകര പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വിതരണ സംവിധാനം മെച്ചപ്പെടുത്തുന്നതിനുമായി ആവിഷ്കരിച്ച പദ്ധതിയിലെ ഒന്നാം ഘട്ടത്തിൽ തന്നെ ഉൾപ്പെട്ട പാക്കേജ് ഒന്നിലെ 13.33 കോടി രൂപയുടെ പ്രവൃത്തികളുടെ ടെൻഡറിന് മന്ത്രിസഭായോഗം ജനുവരിയിൽ അംഗീകാരം നൽകിയിരുന്നു.

കിണർ, പമ്പ് ഹൗസ് നിർമാണം, പൊതു പ്രവൃത്തികൾ എന്നിവ ഉൾപ്പെട്ട ടെൻഡറിനാണ് അന്ന് അനുമതി നൽകിയത്. കരാറുകാരായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ടെൻഡറിനാണ് ആദ്യ പാക്കേജിൽ അംഗീകാരമായത്.

കുന്നുകര, കരുമാല്ലൂർ പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് ശാശ്വത പരിഹാരമാകും എന്ന് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതിയുടെ അടങ്കൽ തുക 51.30 കോടിയാണ്. പദ്ധതി ശേഷി ഒന്പത് എംഎൽഡിയിൽ നിന്ന് 20 എംഎൽഡി ആയി ഉയർത്തിയ സാഹചര്യത്തിലാണ് അടങ്കൽ തുക നേരത്തെ നിശ്ചയിച്ച 36.50 കോടിയിൽ നിന്ന് ഉയർത്തിയത്.പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കിയിരുന്നു. കുന്നുകര പഞ്ചായത്തിലെ മൂന്ന് സർവ്വേ നമ്പറുകളിൽ ആയി 86.5 സെൻറ് ഭൂമിയും കരുമാല്ലൂർ പഞ്ചായത്തിലെ 12 സെൻറ് സ്ഥലവുമാണ് പദ്ധതിക്കായി ഏറ്റെടുത്തത്. കിഫ്ബി തുക അനുവദിച്ച പദ്ധതിയുടെ സ്ഥലമേറ്റെടുപ്പിന് മാത്രമായി 2.40 കോടി രൂപ ആദ്യം അനുവദിച്ചിരുന്നു.ഇതു മതിയാകാതെ വന്നതിനെത്തുടർന്ന് 57.95 ലക്ഷം രൂപ കൂടി ഇതിനായി നൽകി. കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങളായ കിണർ, ജല ശുദ്ധീകരണ ശാല, ജലസംഭരണികൾ എന്നിവ നിർമിക്കുന്നതിന് ആണ് സ്വകാര്യ ഭൂമി ഏറ്റെടുത്തത്.

മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുള്ള ഏറ്റവും പ്രധാന പദ്ധതിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ ഇതോടെ വഴിയൊരുങ്ങിയതായി മന്ത്രി പി. രാജീവ് പറഞ്ഞു. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുമെന്നും മന്ത്രി പറഞ്ഞു.

# ഇടുക്കിയിൽ 37 പുതിയ ജീവിവർഗത്തെ കണ്ടെത്തി

**തൊടുപുഴ:** ഇടുക്കി വന്യജീവി സങ്കേതത്തിൽ നടത്തിയ വാർഷിക ജന്തു ജാല കണക്കെടുപ്പിൽ 37 പുതിയ ജീവിവർഗത്തെ കണ്ടെത്തി. 14 പക്ഷികൾ, 15 ചിത്രശലഭങ്ങൾ, എട്ട് തുന്പികൾ എന്നിവയെയാണ് പുതുതായി കണ്ടെത്തിയത്. തിരുവനന്തപുരം ട്രാവൻകൂർ നേച്ചർ ഹിസ്റ്ററി സൊസൈറ്റിയും വനം വന്യജീവി വകുപ്പും സംയുക്തമായാണ് മൂന്നു ദിവസം സർവേ നടത്തിയത്. ഇടുക്കി അണക്കെട്ടിൻറെ വൃഷ്ടിപ്രദേശത്ത് സ്ഥിതി ചെയ്യുന്ന വന്യജീവി സങ്കേതത്തിലെ ഏഴ് സ്ഥലങ്ങളിൽ തങ്ങിയായിരുന്നു 45 പേരടങ്ങുന്ന സംഘം സർവേ നടത്തിയത്.



പുതുതായി കണ്ടെത്തിയത് ഉൾപ്പെടെ 174 പക്ഷികളെ സർവേയിൽ നിരീക്ഷിച്ചു. ഗ്രേ ഹെറോൺചാരമുണ്ടി, ഇന്ത്യൻ സ്പോട്ട് ഈഗിൾ പുള്ളി കഴുകൻ, സ്റ്റെപ്പി ഈഗിൾ കായൽപ്പരുന്ത്, ബോണെല്ലി ഈഗിൾ ബോൺല്ലി പരുന്ത്, വെസ്റ്റേൺ മാർഷ് ഹാരിയർകരി തപ്പി, മൊൺടാഗു ഹാരിയർ മേടുതപ്പി, യൂറോപ്യൻ സ്പാരോ ഹോക്ക് യൂറേഷ്യൻ പ്രാപ്പിടിയൻ, സാവന്ന നൈറ്റ് ജാർ ചിയിരാച്ചുക്ക്, ബ്ലൂ ഫേസ് മൽക്കോഹ നീലക്കണ്ണൻ പച്ചച്ചുണ്ടൻ, ബ്ലൂ ഈയേഡ് കിംഗ്ഫിഷർ പൊടിപൊന്മാൻ, ഗ്രേറ്റ് ബ്ലാക്ക് വുഡ്പെക്കർ കാക്ക മരംകൊത്തി, റോസി സ്റ്റാർ റോസ് മൈന, ലോംഗ് ബെല്ലിഡ് പിപ്പിറ്റ് പാറ നിരങ്ങൻ, ഇന്ത്യൻ സിൽവർബിൽ വയലാറ്റ എന്നിവയാണ് കണ്ടെത്തിയ പുതിയ പക്ഷികൾ. ഇവയെ കൂടാതെ ലഗീസ് ഹോക്ക് ഈഗിൾ കിന്നരിപരുന്ത്, ബ്ലാക്ക് ബാസ കിന്നരി പ്രാപ്പരുന്ത്, റൂഫസ് ബില്ലിഡ് ഹോക്ക് ഈഗിൾ ചെന്പനെറിയൻ, റിവർ ടേൺ പുഴ ആള, ബ്രൗൺ ഫിഷ് ഓൾ മീൻ കൂമൻ, ഫോറസ്റ്റ് ഈഗിൾ ഓൾ കാട്ടു മൂങ്ങ, ഗ്രേറ്റ് ഇയേർഡ് നൈറ്റ്ജാർ ചെവിയൻ രാചുക്ക് എന്നിവയാണ് മറ്റ് കണ്ടെത്തലുകൾ. ഇതോടെ സങ്കേതത്തിൽ ഇതുവരെ കണ്ടെത്തിയ പക്ഷികളുടെ എണ്ണം 245 ആയി.

155 ഇനം ശലഭങ്ങളെ രേഖപ്പെടുത്തിയതിൽ 15 എണ്ണം പുതിയതാണ്. ഇതോടെ സങ്കേതത്തിലെ ആകെ ചിത്രശലഭങ്ങളുടെ എണ്ണം 212 ആയി ഉയർന്നു. ലെസർ ആൽബട്രോസ് സഹ്യാദ്രി വെൺശലഭം, ടാണി കോസ്റ്റർ തീച്ചിറകൻ, സഹ്യാദ്രി റെഡ്സ്പോട്ട് ഡ്യൂക്ക് കനക രാജൻ, ഓറിയൻറൽ ഗ്രാസ് ജൂവൽ രത്ന നീലി, ഏഷ്യൻ സീബ്ര ബ്ലൂ സീബ്ര നീലി, ഡാർക്ക് സിലോൺ സിക്സ്ലൈൻ ബ്ലൂ ഇരുളൻ സിലോൺ നീലി, ഇന്ത്യൻ വൈറ്റ് ടിപ്പ്ഡ് ലൈൻബ്ലൂ വെള്ളത്തുന്പ് വരയൻ നീലി, ഡാർക്ക് ഗ്രാസ് ബ്ലൂ ഇരുളൺ പുൽനീലി , ഇന്ത്യൻ പർപ്പിൾ ലീഫ് ബ്ലൂ ഇല നീലി, കാർവാർ മെനിടെയിൽഡ് ഓക്ക് ബ്ലൂ തളിർ നീലി, സഹ്യാദ്രി സിൽവർ സ്ട്രീക്ഡ് അക്കേഷ്യ ബ്ലൂ അക്കേഷ്യ നീലി, ഇൻഡിഗോ/ലാസുലി ഫ്ളാഷ് നീല മിന്നൻ, ഓറിയൻറൽ ഓർക്കിഡ് ടിറ്റ് ഓർക്കിഡ് നീലി, ബംഗാൾ ബ്രോഡ് ടെയിൽ റോയൽ ചോല നീലാംബരി, ഇന്ത്യൻ ഡാർട്ട് നാട്ടുപൊട്ടൻ എന്നിവയാണ് പുതുതായി സാന്നിധ്യം അറിയിച്ചത്. കൂടാതെ നീലക്കടുവ, കരിനീലക്കടുവ ഡാർക്ക് ബ്ലൂടൈഗർ, അരളി ശലഭം കോമൺ ക്രോ എന്നിവയുടെ ആയിരക്കണക്കിന് കൂട്ടങ്ങളെയും ഗവേഷകർക്ക് കാണാൻ കഴിഞ്ഞു. എട്ട് പുതിയവ ഉൾപ്പെടെ 48 തുന്പികളെയും കണ്ടെത്തി. ഇതോടെ രേഖപ്പെടുത്തിയ തുന്പികളുടെ എണ്ണം 73 ആയി ഉയർന്നു.

കൊന്പീഡിയ കൊഡഗ്യൂൻസിസ് പുഴക്കടുവ, പാരഗോംഫസ് ലീനാറ്റസ് ചൂണ്ട വാലൻ കടുവ, ഓർത്തെട്രം ഗ്ലാകം നീല വ്യാളി, ഓർത്തെട്രം ട്രയാങ്കുലാറെ നീല കറുപ്പൻ വ്യാളി, ട്രാമിയ ബസിലാരിസ് ചെന്പൻ പരുന്തൻ, ഇഷ്നുറ സെനഗലെൻസിസ് നീല പുൽമാണിക്യൻ, റലെസ്റ്റെസ് പ്രെമോർസസ് ഡെസിപിയൻസ് കിർബി, പ്രോട്ടോസ്റ്റിക്റ്റ അനാമലിക്ക സദാശിവൻ ആനമല നിഴൽത്തുന്പി എന്നിയാണ് പുതിയ തുന്പികൾ. 202 ഇനം നിശാശലഭങ്ങൾ, 52 ഇനം ഉറുന്പുകൾ എന്നിവയേയും ആന, നീർ നായ,, ചെറിയ സസ്തനികൾ എന്നിവയുടെ സാന്നിധ്യവും സർവേയിൽ ശ്രദ്ധിക്കപ്പെട്ടു. ഇടുക്കി വൈൽഡ് ലൈഫ് വാർഡൻ ജി. ജയചന്ദ്രൻ, അസി. വൈൽഡ് ലൈഫ് വാർഡൻ ബി. പ്രസാദ് കുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരായ കെ.സി. ആനന്ദൻ, സജിമോൻ, കെ.ആർ. സന്തോഷ്, ഡോ. കലേഷ് സദാശിവൻ എന്നിവർ നേതൃത്വം നൽകി.




# കുട്ടികളുടെ ദന്ത സംരക്ഷണം; വെണ്ണല ഗവ. എൽ.പി. സ്കൂളുമായി കൈകോർത്ത് അമൃത

**കൊച്ചി:** ഐസിഎംആറിന്റെ ദേശീയ ആരോഗ്യ ഗവേഷണ പദ്ധതിയായ ആനന്ദ് മുസ്കാൻ വഴി വെണ്ണല ഗവ. എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾക്ക് ദന്ത സംരക്ഷണത്തിന്റെ ആദ്യപാഠം പകർന്ന് നൽകുകയാണ് അമൃത സ്കൂൾ ഓഫ് ഡെന്റസ്ട്രി വിഭാഗം. പദ്ധതിക്കായി രാജ്യത്ത് തെരഞ്ഞെടുത്ത പതിനെട്ട് ജില്ലകളിൽ ഒന്നാണ് എറണാകുളം. ആഴ്ചയിൽ അഞ്ച് ദിവസം അധ്യാപക മേൽനോട്ടത്തിലുള്ള ബ്രഷിംഗ് സെഷനുകൾ നടത്തി വിദ്യാർത്ഥികളിൽ ദന്ത ശുചിത്വ ശീലങ്ങൾ വളർത്തിയെടുക്കുക എന്നതാണ് പദ്ധതി ലക്ഷ്യം വെയ്ക്കുന്നത്. വെണ്ണല ഗവ. എൽ.പി. സ്കൂളിൽ നടന്ന ചടങ്ങ് ദേശീയ ആരോഗ്യ മിഷൻ എറണാകുളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ശിവപ്രസാദ് പിഎസ് ഉദ്ഘാടനം ചെയ്തു. സ്കൂൾ പ്രധാന അധ്യാപകൻ രാജേഷ് പിജി ചടങ്ങിൽ സ്വാഗത പ്രസംഗം നടത്തി. ആനന്ദ് മുസ്കാൻ പ്രോജക്ട് റിസർച്ച് സയന്റിസ്റ്റ് ഡോ. അരുൺ റാവു കെ., കൊച്ചി കോർപറേഷൻ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ വി. എ. ശ്രീജിത്ത്, കൊച്ചി കോർപറേഷൻ കൗൺസിലർ കെ.ബി. ഹർഷൽ, വെണ്ണല ജിഎൽപി സ്കൂൾ പിടിഎ പ്രസിഡന്റ് അബ്ദുൽ റഹീം എ., ആനന്ദ് മുസ്കാൻ പ്രോജക്ട് ടെക്നിക്കൽ ഓഫീസർ ഡോ. കൃഷ്ണജ കുമാർ എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു. വിദ്യാർത്ഥികൾക്കുള്ള സൗജന്യ ബ്രഷിംഗ് കിറ്റുകളുടെ വിതരണോദ്ഘാടനവും ചടങ്ങിൽ നടന്നു.

# വെറ്ററിനറി സർവകലാശാലയും ജൂബിലി മിഷൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ ധാരണാപത്രം കൈമാറി

**തൃശൂർ:** കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവകലാശാലയും ജൂബിലി മിഷൻ മെഡിക്കൽ കോളജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും തമ്മിൽ ഏകാരോഗ്യം എന്ന ആശയത്തിലൂന്നിയുള്ള ഗവേഷണപ്രവർത്തനങ്ങളിൽ ഒത്തുചേർന്ന് പ്രവർത്തിക്കാൻ ധാരണയായി.ധാരണാപത്രം ഒപ്പിടുന്ന ചടങ്ങിൽ സർവകലാശാല വൈസ് ചാൻസലർ ഡോ. കെ.എസ്. അനിൽ, അക്കാദമിക് റിസർച്ച് ഡയറക്ടർ ഡോ. സി. ലത, ഡീൻ ഡോ. രാജ്കുമാർ, ജൂബിലി മിഷൻ മെഡിക്കൽ കോളജ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ, എം.എ. ആൻഡ്രൂസ്, ഡോ. പദ്മകുമാർ, ഡോ. പി.ആർ. വർഗീസ്, ഫാ. ടെറിൻ മുല്ലക്കര, ഡോ. ചിത്ര വൽസൻ, വെറ്ററിനറി സർവകലാശാല നാഷണൽ ഇൻറർനാഷണൽ കൊളാബറേഷൻ നോഡൽ ഓഫീസർ ഡോ. എസ്. അനൂപ്, ഡോ. ദീപ ജോളി, ഡോ. വൃന്ദ മേനോൻ, ഡോ. സേതുലക്ഷ്മി എന്നിവർ പങ്കെടുത്തു.

# കഠിന വേനലിൽ വിയർത്ത് പൈനാപ്പിൾ കർഷകർ

മൂവാറ്റുപുഴ: നേരത്തേ എത്തിയ കഠിനമായ വേനൽ ചൂട് ജില്ലയിലെ പൈനാപ്പിൾ ഉൽപാദനം പാതിയായി കുറച്ചു. വിപണിയിലെ അനുകൂല സാഹചര്യം കണക്കാക്കി പൈനാപ്പിൾക്കൃഷി തുടങ്ങിയ പല കർഷകരുടെയും പൈനാപ്പിൾ 120 ദിവസം പിന്നിട്ടിട്ടും വളർച്ച ഇല്ലാത്ത അവസ്ഥയിലാണ്. പഴയ പൈനാപ്പിൾത്തോട്ടങ്ങളിലെ ഉൽപാദനത്തെയാണു വേനൽ ചൂട് കാര്യമായി ബാധിച്ചിരിക്കുന്നത്.

മഴ പെയ്ത പ്രദേശങ്ങളിൽ വേനൽ ചൂട് കാര്യമായി ബാധിച്ചിട്ടില്ലെങ്കിലും ചൂട് തുടരുകയാണെങ്കിൽ ഇവിടെയും ഉൽപാദനത്തിൽ 25% കുറവ് ഉണ്ടാകുമെന്നു കർഷകർ പറയുന്നു.പൈനാപ്പിൾക്കൃഷിയുടെ ഉണക്കിനെ നേരിടാൻ നെറ്റും ഓലയും മറ്റും ഉപയോഗിച്ചാണു തണലൊരുക്കുന്നത്. ഓല ഉപയോഗിച്ച് പൊത ഇടുമ്പോൾ ഒരു ചെടിക്ക് രണ്ടര രൂപ എന്ന നിരക്കിൽ ചെലവു വരുന്നുണ്ടെന്നു കർഷകർ പറയുന്നു.

നെറ്റ് വാങ്ങി ഉപയോഗിക്കുമ്പോൾ ഇത് ഇരട്ടിയാകും. എങ്കിലും നെറ്റ് കൂടുതൽ തവണ ഉപയോഗിക്കാൻ കഴിയുമെന്നതിനാൽ പല കർഷകരും ഇപ്പോൾ നെറ്റ് ആണ് ഉപയോഗിക്കുന്നത്.

നിലവിൽ മാർക്കറ്റിൽ പച്ച സ്പെഷൽ ഗ്രേഡിന് 45 രൂപയാണ് വില. പഴുത്തതിന് 43 രൂപയും വില ലഭിക്കുന്നുണ്ട്. എന്നാൽ കർഷകന് 25 മുതൽ 30 രൂപ വരെയാണ് ലഭിക്കുന്നത്. വിഷു, റമസാൻ വിപണി മുന്നിൽ കണ്ട് പൈനാപ്പിൾ കൃഷി ചെയ്തിരിക്കുന്ന കർഷകരെല്ലാം കടുത്ത ആശങ്കയിലാണ്.

# നഷ്ടമായെന്ന് കരുതിയ ജീവിതം മനോജിന് ഇനി കൈയ്യെത്തിപ്പിടിക്കാം





**കൊച്ചി:** നിമിഷനേരം കൊണ്ടാണ് അങ്കമാലി സ്വദേശിയായ മനോജിന്റെ (50) ജീവിതം മാറിമറിഞ്ഞത്. ലോഹത്തകിടുകൾ മുറിക്കുന്ന യന്ത്രത്തിനുള്ളിൽ അപ്രതീക്ഷിതമായി കൈ കുടുങ്ങിയത് മാത്രം ഓർമയുണ്ട്. തൊട്ടടുത്ത നിമിഷം കൈ അതിവേഗം പിൻവലിക്കുകയും ചെയ്തു. ആദ്യത്തെ ഏതാനും നിമിഷങ്ങളിൽ എന്താണ് സംഭവിച്ചതെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. ശരീരം മുഴുവൻ മരവിപ്പ്. യന്ത്രത്തിനുള്ളിൽപ്പെട്ട കൈയിൽ നിന്ന് അസാധാരണമായ ഒരു തണുപ്പ് അരിച്ചുകയറുന്നത് പോലെ. ആ തണുപ്പിന് പിന്നാലെ നീറിപ്പുളയുന്ന ഒരു വേദന വലംകൈയിൽ നിന്ന് നെഞ്ചിലേക്ക് പടരുന്നത് മനോജ് തിരിച്ചറിഞ്ഞു. വലംകൈയിലൂടെ ശക്തമായി രക്തം പുറത്തേക്ക് ഒഴുകുന്നതും തന്റെ കൈപ്പത്തി അറ്റുപോയ നിലയിൽ കിടക്കുന്നതും മാത്രം കണ്ടതോർമയുണ്ട്. അപ്പോഴേക്കും ബോധം മറഞ്ഞു. തുടർന്ന് ഏതാണ്ട് 45 മിനിറ്റിനുള്ളിൽ മനോജിനെ ആസ്റ്റർ മെഡ്സിറ്റിയിലെ അത്യാഹിത വിഭാഗത്തിലെ ത്തിച്ചെങ്കിലും അപ്പോഴേക്കും അറ്റുപോയ വലംകൈത്തണ്ടയിൽ നിന്ന് ധാരാളം രക്തം നഷ്ടമായിരുന്നു. ബോധത്തിനും അബോധത്തിനുമിടയിൽ നിലകിട്ടാതെ പുളയുകയായിരുന്ന മനോജിന്റെ മാനസികാവസ്ഥ അതിലേറെ ഭയാനകമായിരുന്നു.

എമർജൻസി വിഭാഗത്തിൽ രോഗിയുടെ ആരോഗ്യനില നിയന്ത്രണവിധേയമാക്കിയതിനുശേഷം. പ്ലാസ്റ്റിക്, റീകൺസ്ട്രക്റ്റീവ്, ഏസ്തെറ്റിക് സർജറി വിഭാഗത്തിലെ സീനിയർ കൺസൽട്ടൻറ് ഡോ. മനോജ് സനാപ്പ് അറ്റുപോയ കൈപ്പത്തിയുടെ ഭാഗങ്ങൾ സസൂക്ഷ്മം വേർപ്പെടുത്തുകയും, പിന്നീടുള്ള ശസ്ത്രക്രിയയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ക്രിട്ടിക്കൽ കെയർ ആൻഡ് പെയിൻ മാനേജ്മെന്റ് വിഭാഗത്തിലെ ഡോ. അരിൽ എബ്രഹാം അനസ്തേഷ്യക്ക് മേൽനോട്ടം വഹിച്ചു.

ഓർത്തോപീഡിക്സ് വിഭാഗം കൺസൽട്ടൻറ് ഡോ. ശ്യാം ഗോപാൽ, അറ്റുപോയ എല്ലുകൾ തമ്മിൽ ശസ്ത്രക്രിയയിലൂടെ യോജിപ്പിച്ചു. പിന്നീട് ഡോ. മനോജ് സനാപ്പ്, ഡോ. നിരഞ്ജന സുരേഷ്, ഡോ. ശ്രുതി ടി.എസ് എന്നിവർ ചേർന്ന് കൈപ്പത്തി തിരികെ ചേർക്കുന്ന ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. ഒറ്റനിമിഷം കൊണ്ട് അറ്റുപോയ കൈപ്പത്തി വലംകൈയിൽ തിരികെ പിടിപ്പിക്കാൻ പത്തുമണിക്കൂർ നീണ്ട ശസ്ത്രക്രിയയാണ് വേണ്ടിവന്നത്. മൈക്രോവാസ്കുലാർ സർജറി എന്നറിയപ്പെടുന്ന ഈ പ്രക്രിയയിലൂടെ ഞരമ്പുകൾക്കും ധമനികൾക്കും നാഡികൾക്കുമുണ്ടായ തകരാറുകൾ പരിഹരിച്ചു.ഇത്തരം അപകടങ്ങൾ ആർക്കും സംഭവിക്കാം. ഒട്ടും സമയംകളയാതെ അത്യാധുനിക പ്ലാസ്റ്റിക് സർജറിക്ക് സൗകര്യങ്ങളുള്ള ഒരു ആശുപത്രിയിൽ എത്തിക്കാനായാൽ, രോഗിയെ രക്ഷിക്കാനാകുമെന്ന് ഡോ. മനോജ് സനാപ്പ് പറഞ്ഞു. കേവലം സൗന്ദര്യസംരക്ഷണ ഉപാധി എന്നതിലപ്പുറം, ഇത്തരം സന്ദർഭങ്ങളിൽ ഏറെ നിർണായകമായ ഒരു ജീവൻ രക്ഷാമാർഗമായി പ്ലാസ്റ്റിക് സർജറി മാറിയിട്ടുണ്ടെന്നും അദ്ദേഹം ഓർമപ്പെടുത്തി. മനോജിനെ നടുക്കിയ അപകടം നടന്നിട്ട് ഇപ്പോൾ മൂന്ന് മാസം പിന്നിട്ടു. 14 ദിവസത്തിനുള്ളിൽ ആശുപത്രിവിട്ട മനോജ് വലംകൈയുടെ ചലനശേഷി പൂർണമായും തിരിച്ചുപിടിക്കാൻ ആസ്റ്റർ മെഡ്സിറ്റിയിൽ ഫിസിയോതെറാപ്പി തുടരുകയാണ്. കൃത്യമായ ഇടവേളകളിൽ ആശുപത്രിയിലെത്തി തുടർപരിശോധനകൾക്കും വിധേയനാകുന്നു.

# കൂൺകൃഷി നടപ്പാക്കാൻ കൃഷിവകുപ്പിന്റെ 30 ലക്ഷം രൂപയുടെ പദ്ധതി



**കടുത്തുരുത്തി:** സംസ്ഥാന കൃഷിവകുപ്പിൻറെ മേൽനോട്ടത്തിൽ ജില്ലയിൽ ആദ്യമായി നടപ്പാക്കുന്ന കൂൺ ഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ഇന്നു കടുത്തുരുത്തിയിൽ നടക്കും. കടപ്പൂരാൻ ഓഡിറ്റോറിയത്തിൽ രാവിലെ 11ന് കൃഷിമന്ത്രി പി. പ്രസാദ് ഉദ്ഘാടനം നിർവഹിക്കും. മോൻസ് ജോസഫ് എംഎൽഎ അധ്യക്ഷത വഹിക്കും.

സി.കെ. ആശ എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. ജില്ലയിലെ പ്രഥമ കാർഷിക കേന്ദ്രമായി കടുത്തുരുത്തി ബ്ലോക്കിൻറെ കീഴിലുള്ള ആറു പഞ്ചായത്തുകളിലാണ് കൂൺകൃഷി പദ്ധതി നടപ്പാക്കുന്നത്. ഇതിൻറെ ഭാഗമായി കൃഷിവകുപ്പ് 30 ലക്ഷം രൂപ അനുവദിച്ചത്. കടുത്തുരുത്തി മേഖലയിൽ കൃഷി ചെയ്ത വിവിധ കൃഷികളുടെ വിളവെടുപ്പ് മഹോത്സവം യോഗത്തിൽ മന്ത്രി നിർവഹിക്കും.

ജില്ലയിൽ 202425 സാമ്പത്തിക വർഷത്തിൽ കൂൺ ഗ്രാമം പദ്ധതി ആദ്യഘട്ടം നടപ്പാക്കുന്നതിലേക്കായി കടുത്തുരുത്തി ബ്ലോക്കിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കൂൺ വിത്ത് മുതൽ വിപണനം വരെ ഉറപ്പാക്കുന്ന ഈ പദ്ധതിയിലുടെ ഭക്ഷ്യസുരക്ഷയും സുരക്ഷിതമായ ഭക്ഷണവുമാണ് ലക്ഷ്യം വയ്ക്കുന്നത്. വിവിധ ഘടകങ്ങളായ വൻകിട ചെറുകിട ഉത്പാദന യൂണിറ്റുകൾ, കൂൺ വിത്ത് ഉദ്പാദന യൂണിറ്റ്, കൂൺ സംസ്കരണ യൂണിറ്റുകൾ, പായ്ക്ക് ഹൗസുകൾ, കൂൺ അധിഷ്ഠിത കമ്പോസ്റ്റ് നിർമാണ യൂണിറ്റുകൾ എന്നിവ പദ്ധതിയിൽ ഉൾപ്പെടും.

കടുത്തുരുത്തി ബ്ലോക്കിലെ കൂൺ കർഷകരെ ഒരു കുടക്കീഴിൽ മുന്നോട്ടു നയിക്കുന്നതിനായി കടന്തേരി കൂൺ ഗ്രാമം എന്ന സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഉദ്പാദനത്തിൽ സ്വയം പര്യാപ്തത നേടാനും വർഷം മുഴുവൻ ഉത്പാദനം ഉറപ്പാക്കാനും ആദ്യഘട്ടത്തിൽ 100 ചെറുകിട യൂണിറ്റുകളും രണ്ടു വൻകിട യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗുണമേന്മയുള്ള കൂൺ വിത്ത് സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ശാസ്ത്രീയമായ രീതിയിൽ വിത്തുത്പാദന കേന്ദ്രവും കടുത്തുരുത്തിയിൽ സജ്ജമാക്കിയിട്ടുണ്ട്.

ഉത്പാദിപ്പിക്കപ്പെടുന്ന കൂൺ ലേബൽ ചെയ്ത് ആകർഷണീയമായ പാക്കിംഗിൽ ഉപഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനായി എട്ടു ലക്ഷം രൂപയോളം ചെലവ് വരുന്ന രണ്ടു പാക്ക് ഹൗസുകളും പദ്ധതിയിൽ തയാറാക്കിയിട്ടുണ്ട്. അധികമായി ഉത്പാദിക്കുന്നവയും വിറ്റഴിക്കാൻ സാധിക്കാത്തവയുമായ കൂൺ സംസ്കരണം ചെയ്ത് മൂല്യവർധിത ഉത്പന്നങ്ങളായി മാറ്റുന്നതിനായി രണ്ടു പ്രിസർവേഷൻ യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്.

# വൻതാരയ്ക്ക് പ്രാണി മിത്ര പുരസ്കാരം

**കൊച്ചി :** അനന്ത് അംബാനിയുടെ വൻതാരയ്ക്ക് മൃഗസംരക്ഷണത്തിലെ ഇന്ത്യയിലെ ഏറ്റവും ഉയർന്ന ബഹുമതിയായ 'പ്രാണി മിത്ര' ദേശീയ പുരസ്കാരം ലഭിച്ചു . കേന്ദ്ര സർക്കാർ നൽകുന്ന ഈ അംഗീകാരം 'കോർപ്പറേറ്റ്' വിഭാഗത്തിലാണ് വൻതാര സ്വന്തമാക്കിയത്. ആനകളുടെ രക്ഷാപ്രവർത്തനം, ചികിത്സ, ജീവിതകാലം മുഴുവനുമുള്ള പരിചരണം എന്നിവയ്ക്കായി സമർപ്പിക്കപ്പെട്ട വൻതാരയുടെ കീഴിലുള്ള രാധേ കൃഷ്ണ ടെമ്പിൾ എലിഫന്റ് വെൽഫെയർ ട്രസ്റ്റ എന്ന സംഘടനയുടെ സംഭാവനകളുമ പുരസ്കാരം ലഭിക്കാൻ കാരണമായി.

കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീരവികസന സഹമന്ത്രി ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിച്ചു.വൻതാരയുടെ അത്യാധുനിക എലിഫന്റ് കെയർ സെന്റർ , 240ലധികം രക്ഷപ്പെടുത്തിയ ആനകൾക്ക് ചങ്ങലകളില്ലാത്തതും സുരക്ഷിതവും സമ്പന്നവുമായ അന്തരീക്ഷം നൽകുന്നു. ഇതിൽ സർക്കസുകളിൽ നിന്ന് 30 ആനകളും തടികൾ മുറിക്കുന്ന വ്യവസായത്തിൽ നിന്ന് 100ലധികം ആനകളും സവാരി, തെരുവ് യാചകവൃത്തി തുടങ്ങിയ ചൂഷണപരമായ പ്രവർത്തികളിൽ നിന്ന് രക്ഷപ്പെടുത്തിയ മറ്റ് ആനകളും ഉൾപ്പെടുന്നു.

പുരസ്കാരം ഇന്ത്യയിലെ മൃഗങ്ങളെ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ജീവിതം ഉഴിഞ്ഞുവെച്ച എണ്ണമറ്റ വ്യക്തികൾക്കുള്ള ആദരമാണെന്ന് വൻതാരയുടെ സി.ഇ.ഒ. വിവാൻ കരണി പറഞ്ഞു.




# ലോക പ്രോട്ടീൻ ദിനം: രോഗപ്രതിരോധത്തിൽ പ്രോട്ടീന് സുപ്രധാന പങ്കെന്ന് സർവ്വേ

**കൊച്ചി:** ഊർജം നൽകുന്നതിനും ശക്തമായ രോഗപ്രതിരോധ സംവിധാനത്തെ പിന്തുണയ്ക്കുന്നതിനും പ്രോട്ടീന്റെ പ്രധാന പങ്ക് ഭൂരിഭാഗം ഇന്ത്യക്കാരും തിരിച്ചറിഞ്ഞതായി സർവേ കണ്ടെത്തൽ. ലോക പ്രോട്ടീൻ ദിനത്തോടനുബന്ധിച്ച് ആൽമണ്ട് ബോർഡ് ഓഫ് കാലിഫോർണിയയുമായി സഹകരിച്ച് യൂഗവ് നടത്തിയ പുതിയ സർവേയിലാണ് ഈ വെളിപ്പെടുത്തൽ. ഇന്ത്യയിലെ 17 നഗരങ്ങളിലായി 4,300 ആളുകളാണ് സർവേയിൽ പങ്കെടുത്തത്.

സർവേയിൽ പങ്കെടുത്ത മൂന്നിൽ രണ്ട് പേരും (65%) ബദാം ഉയർന്ന പ്രോട്ടീൻ ലഘുഭക്ഷണമാണെന്ന് അംഗീകരിച്ചു. ലഖ്നൗ (38%), തിരുവനന്തപുരം (37%), കോയമ്പത്തൂർ (34%), ഗുവാഹത്തി (34%), ഇൻഡോർ (34%) തുടങ്ങിയ രണ്ടാം നിര നഗരങ്ങളിൽ വലിയ സ്വീകാര്യതയാണ് ഇതിന് ലഭിച്ചത്. ഈ നഗരങ്ങളിലെ അംഗീകാര നിലവാരം മെട്രോപൊളിറ്റൻ പ്രദേശങ്ങളേക്കാൾ കൂടുതലാണെന്നത് കൗതുകകരമായി. ഇന്ത്യയില ഏറ്റവും മികച്ച അഞ്ച് പ്രോട്ടീൻ തിരഞ്ഞെടുപ്പുകളിൽ ബദാം സ്ഥാനം പിടിച്ചതായി സർവേ കണ്ടെത്തി. ആരോഗ്യകരമായ കൊഴുപ്പുകൾ, ഭക്ഷണ നാരുകൾ, മഗ്നീഷ്യം, പൊട്ടാസ്യം, സിങ്ക് എന്നിവയുൾപ്പെടെ 15 അവശ്യ പോഷകങ്ങളാൽ സമ്പന്നമാണ് പ്രോട്ടീന്റെ സ്വാഭാവിക ഉറവിടമായ ബദാം, പ്രത്യേകിച്ചും കാലിഫോർണിയ ബദാം. ബദാം ദിവസേന കഴിക്കുന്നത് നിരവധി ആരോഗ്യ ആനുകൂല്യങ്ങളും നൽകും. എല്ലാ പ്രദേശങ്ങളിലുമുള്ള പത്തിൽ ആറിലധികം ആളുകളും ബദാം ഉയർന്ന പ്രോട്ടീന്റെ ഉറവിടമായി അംഗീകരിക്കുന്നുവെന്ന് സർവേയിൽ കണ്ടെത്തി. സർവേയോട് പ്രതികരിച്ച പത്തിൽ എട്ടിലധികം പേർ ദിവസവും ബദാം കഴിക്കുന്നതായും വെളിപ്പെടുത്തി. 47% ഇന്ത്യക്കാരും ബദാമിന്റെ ഉയർന്ന പ്രോട്ടീൻ ഉള്ളടക്കം അവ കഴിക്കുന്നതിനുള്ള ഒരു പ്രധാന കാരണമായി എടുത്തുപറയുകയും ചെയ്തു. മറ്റ് ലഘുഭക്ഷണങ്ങളെ അപേക്ഷിച്ച് 56% പ്രോട്ടീൻ സമ്പുഷ്ടമാണ് ബദാം. ഇതാണ് മറ്റു ലഘുഭക്ഷണേക്കാൾ ബദാം തിരഞ്ഞെടുക്കുന്നതിനുള്ള പ്രധാന കാരണമെന്നും സർവേയിൽ പറയുന്നു. ഇന്ത്യയുടെ വടക്കൻ പ്രദേശങ്ങളിൽ താമസിക്കുന്ന സ്ത്രീകളിലും വ്യക്തികളിലും രാവിലെ ബദാം കഴിക്കുന്ന പ്രവണത കൂടുതലാണ്. ജെൻ സീയും യുവ മില്ലേനിയലുകളും (യഥാക്രമം 13%, 12%) വ്യായാമത്തിന് ശേഷമാണ് ബദാം കഴിക്കാൻ താൽപര്യപ്പെടുന്നതെന്നും സർവേ ചൂണ്ടിക്കാട്ടുന്നു.

# അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം സമാപിച്ചു, ചർച്ചയായത് ഉൽപ്പന്നങ്ങളുടെ ഭാവി

**ബെംഗളൂരു:** ഓൾ ഇന്ത്യ സ്പൈസസ് എക്സ്പോർട്ടേഴ്സ് ഫോറം (എഐഎസ്ഇഎഫ്) സംഘടിപ്പിച്ച നാല് ദിവസത്തെ ഇന്റർനാഷണൽ സ്പൈസ് കോൺഫറൻസ് (ഐഎസ്സി 2025) സമാപിച്ചു.കുരുമുളക്, മുളക്, ജീരകം, മല്ലി, നിർജ്ജലീകരണം ചെയ്ത ഉള്ളി, വെളുത്തുള്ളി, പാചക ഔഷധസസ്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വിള റിപ്പോർട്ടുകളുടെ അവതരണം സമാപന ദിവസം നടന്നു. സുഗന്ധവ്യഞ്ജന കാർഷിക ഉൽപ്പന്നങ്ങളുടെ ഭാവിയെക്കുറിച്ചുള്ള ചർച്ചകൾ എ.ഐ.എസ്. ഇ എഫ് ചെയർമാൻ ശ്രീ. ഇമ്മാനുവൽ നമ്പുശ്ശേരിൽ നേതൃത്വം നൽകി.

കാർഷിക സാമ്പത്തിക സാങ്കേതിക വിദഗ്ദ്ധനും എച്ച്.എൻ.വൈ.ബിടെക് ഇൻകുബേഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സ്ഥാപകനായ ദീപക് പരീക്ക് നീതിയുക്തമായ ഭക്ഷ്യ സമ്പ്രദായത്തിന്റെ ആവശ്യകത വിശദീകരിച്ചു.നല്ല സാമ്പത്തിക വളർച്ച ഉണ്ടായിരുന്നിട്ടും, അടിസ്ഥാന പോഷകാഹാര ആവശ്യങ്ങൾ നിറവേറ്റാൻ ഭക്ഷ്യോൽപ്പാദനം അപര്യാപ്തമായി തുടരുന്ന സാഹചര്യമുണ്ട്. 2 ബില്യണിലധികം ആളുകൾ സൂക്ഷ്മ പോഷകങ്ങളുടെ കുറവ് അനുഭവിക്കുന്നു, അതേസമയം തുല്യ എണ്ണം മുതിർന്നവർ അമിതഭാരമോ പൊണ്ണത്തടിയോ ഉള്ളവരാണ്.800 ദശലക്ഷം ആളുകളുടെ ഉപജീവനമാർഗ്ഗമായി കൃഷി തുടരുന്നു. അവരിൽ പലരും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ് ജീവിക്കുന്നത്. കാലാവസ്ഥാ വ്യതിയാനവും മഴയുടെ പാറ്റേണുകൾ മാറുന്നതും വെല്ലുവിളികൾ വർദ്ധിപ്പിച്ചിട്ടുണ്ട്.കാലാവസ്ഥാ വ്യതിയാനം: ഒരു നൂറ്റാണ്ടിൽ ഇന്ത്യയിൽ ഏകദേശം 0.6ത്ഥഇ യുടെ താപനില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2100 ആകുമ്പോഴേക്കും 24ത്ഥഇ യുടെ വർദ്ധനവ് പ്രതീക്ഷിക്കുന്നു. വർദ്ധിച്ചുവരുന്ന താപനില വിളകളെ, പ്രത്യേകിച്ച് ഗോതമ്പിനെ ഗുരുതരമായി ബാധിക്കും. 2050 ആകുമ്പോഴേക്കും 23% വരെ ഉൽപാദന കുറവുണ്ടാക്കും.ക്രമരഹിതമായ മൺസൂൺ കാർഷിക രംഗത്ത് അനിശ്ചിതത്വം വർദ്ധിപ്പിച്ചു. ഇടയ്ക്കിടെയുള്ള വെള്ളപ്പൊക്കം, മണ്ണൊലിപ്പ്, വരൾച്ച എന്നിവയ്ക്ക് ഇത് കാരണമായി. നടപടികൾ സാധ്യമായില്ലെങ്കിൽ, ഈ കാലാവസ്ഥാ വ്യതിയാനങ്ങൾ വ്യാപകമായ ഭക്ഷ്യ അരക്ഷിതാവസ്ഥയിലേക്ക് നയിക്കുമെന്ന് പരീഖ് പറഞ്ഞു.




# ചേലോടെ ചെല്ലാനം': എംആർഎഫ് ഫെസിലിറ്റി ഉദ്ഘാടനം ചെയ്തു


**കൊച്ചി:** സുസ്ഥിര മാലിന്യ സംസ്കരണം സാധ്യമാക്കുന്നതിനായി സി ഐ ഐ ഫൗണ്ടേഷനും ചെല്ലാനം ഗ്രാമപഞ്ചായത്തും ജി ഐ സി യുമായി സഹകരിച്ചു നടത്തുന്ന ചേലോടെ ചെല്ലാനം പദ്ധതിയുടെ ഭാഗമായുള്ള പുതിയ എംആർഎഫ് ഫെസിലിറ്റി എറണാകുളം ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് ഐ എ എസ് ഉദ്ഘാടനം ചെയ്തു. കൊച്ചി എംഎൽ എ കെ ജെ മാക്സി, ചെല്ലാനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ എൽ ജോസഫ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

മികച്ച പ്രതികരണമാണ് 'ചേലോടെ ചെല്ലാനം' പദ്ധതിക്ക് ജനങ്ങൾ നൽകുന്നത്. സി ഐ ഐ ഫൗണ്ടേഷന്റെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി ചെല്ലാനം നേരിട്ടുകൊണ്ടിരുന്ന മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിന് സഹായിച്ചിട്ടുണ്ടെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു.പുതിയ എം. ആർ എഫ് വരുന്നതോടു കൂടി മാലിന്യ വേർതിരിക്കലിനും സംസ്കരണത്തിനും വേഗത കൈവരിക്കാൻ കഴിയുമെന്ന് സി ഐ ഐ കേരള ചെയർമാൻ വിനോദ് മഞ്ഞില പറഞ്ഞു. മുൻ സിഐഐ ചെയർമാനും സിന്തൈറ്റ് ഇൻഡസ്ട്രീസ് എംഡിയുമായ അജു ജേക്കബ്, സിഐഐ പ്രിൻസിപ്പൽ അഡ്വൈസറും സോഷ്യൽ ഇനിഷിയേറ്റീവ് തലവനുമായ സുനിൽ കുമാർ മിശ്ര, മേരി സിംല ചെല്ലനം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, ബേബി തമ്പി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് , രഞ്ജിനി.എസ്, ഹരിത കേരളം ജില്ലാ കോർഡിനേറ്റർ, സിമൽ ആന്റണി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ , ശ്രീലത.ജി, സെക്രട്ടറി ചെല്ലാനം ഗ്രാമപഞ്ചായത്ത്, സക്കറിയ ജോയ് കോ കൺവീനർ സിഐഐ ക്ലീൻ കേരള ആൻഡ് വേസ്റ്റ് മാനേജ്മെന്റ് എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

# വേനൽക്കാലത്തെ മുടിസംരക്ഷണം; ആയുർവേദ എണ്ണ ഉത്തമമെന്ന് വിദഗ്ധർ

**കൊച്ചി:** വേനൽക്കാലത്ത് ഉണ്ടാകുന്ന മുടികൊഴിച്ചിൽ, ചൂട്, താരൻ പോലുള്ള പ്രശ്നങ്ങൾക്ക് ആയുർവേദവിധി പ്രകാരം തയ്യാറാക്കിയ എണ്ണ ഫലപ്രദമെന്ന് വിദഗ്ധർ. വേനൽക്കാലത്ത് കടുത്ത ചൂട്, അമിതമായ വിയർപ്പ്, സൂര്യപ്രകാശം എന്നിവ മുടിയുടെ വേരുകളെ ദുർബലപ്പെടുത്തുകയും മുടി കൊഴിച്ചിൽ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിനാൽ ഫലപ്രദമായ പരിഹാരം ആയുർവേദ കേശ എണ്ണയാണെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. മുടി കൊഴിച്ചിൽ കുറയ്ക്കുന്നതിലും ആരോഗ്യകരമായ മുടി വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിലും പേരുകേട്ട ഒരു പുരാതന ആയുർവേദ രീതിയാണ് തൈല പാക വിധിയെന്ന് മാരിക്കോയിലെ ചീഫ് ആർ & ഡി ഓഫീസർ ഡോ. ശിൽപ വോറ പറഞ്ഞു. പിത്തം, വാതം, കഫം എന്നീ മൂന്ന് ദോഷങ്ങളെ സന്തുലിതമാക്കുന്നതിനാണ് ഔഷധസസ്യങ്ങൾ തിരഞ്ഞെടുക്കുന്നത്, ഇവയുടെ അസന്തുലിതാവസ്ഥ പലപ്പോഴും മുടി കൊഴിച്ചിൽ പോലുള്ള പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി ഡോ ശിൽപ പറയുന്നു.'ഭൃംഗരാജ്, നെല്ലിക്ക, ബ്രഹ്മി, വേപ്പ് തുടങ്ങിയ 25 ആയുർവേദ ഔഷധസസ്യങ്ങളുടെ ഈ മിശ്രിതം തേങ്ങാ അധിഷ്ഠിത കേശ എണ്ണയുമായി സംയോജിപ്പിച്ച് മുടിക്ക് ശരിയായ പോഷണം നൽകുകയും മുടിയെ വേരുകളിൽ നിന്ന് ശക്തിപ്പെടുത്തുകയും ചെയ്യുന്നു. രക്തചംക്രമണം മെച്ചപ്പെടുത്തുന്നതിനും, പൊട്ടൽ കുറയ്ക്കുന്നതിനും സ്വാഭാവികമായി മുടിയുടെ കനം വർദ്ധിപ്പിക്കുന്നതിനും ഈ ചേരുവകൾ ഒരുമിച്ച് പ്രവർത്തിക്കുന്നു,' ഡോ. ശിൽപ വിശദീകരിക്കുന്നു.

# നത്തിംഗ് 3 എ സീരീസ് ഡിസൈൻ പുറത്തിറക്കി




**കൊച്ചി:** ലണ്ടൻ ആസ്ഥാനമായുള്ള ടെക്നോളജി കമ്പനിയായ നത്തിംഗ്, ഉടൻ വിപണിയിലിറക്കുന്ന ഫോൺ (3 എ) സീരീസിന്റെ പൂർണ്ണമായ ഡിസൈൻ ഔദ്യോഗികമായി പുറത്തിറക്കി. ഒരു റോബോട്ടിന്റെ സഹായത്തോടെ ലോകത്താദ്യമായി ഒരു സ്മാർട്ട്ഫോൺ അൺബോക്സ് ചെയ്തുവെന്ന പ്രത്യേകതയും നത്തിംഗ് സ്വന്തമാക്കി നോർവീജിയൻ കമ്പനിയായ 1ഃ എക്സ് രൂപകൽപ്പന ചെയ്ത ഹ്യൂമനോയ്ഡ് റോബോട്ടായ നിയോ ഗാമയുടെ സഹായത്തോടെയാണ് 3 എ സീരീസ് പുറത്തിറക്കിയത്.അതേസമയം, ഡിസൈൻ ഡയറക്ടർ ആദം ബേറ്റ്സ് നത്തിംഗിന്റെ യൂട്യൂബ് ടീമിനൊപ്പം സമയം ചെലവഴിച്ച ഡിസൈൻ പ്രക്രിയ/ പ്രചോദനങ്ങൾ, ഫോൺ (3 എ) സീരീസിലെ പെരിസ്കോപ്പ് ക്യാമറ ലേഔട്ടിന്റെ സവിശേഷത എന്നിവയെക്കുറിച്ച് ആഴത്തിൽ പഠിച്ചു. ഫോൺ (3 എ) സീരീസിന്റെ പൂർണ്ണമായ ഫീച്ചറുകൾ മാർച്ച് 4 ന് വൈകുന്നേരം 3:30 ന് വെളിപ്പെടുത്തും. ലോഞ്ച് വീഡിയോ നത്തിംഗിന്റെ യൂട്യൂബ് ചാനലിലും nothing.tech എന്നതിലും ഹോസ്റ്റ് ചെയ്യും.

# 1700 കോടിയുടെ നിക്ഷേപവുമായി ശക്തി ഗ്രൂപ്പ്

**കൊച്ചി:** സോളാർ പമ്പുകളുടെയും മോട്ടോറുകളുടെയും മുൻനിര നിർമ്മാതാക്കളും വിതരണക്കാരുമായ ശക്തി പമ്പ്സ് (ഇന്ത്യ) ലിമിറ്റഡ് രാജ്യത്ത് 1700 കോടി രൂപയുടെ നിക്ഷേപം നടത്തും. മധ്യപ്രദേശിലാണ് കമ്പനി പുതിയ നിക്ഷേപം പ്രഖ്യാപിച്ചിരിക്കുന്നത്.

പിതാംപൂരിലെ ഏകദേശം 64 ഹെക്ടർ വ്യാവസായിക മേഖലയിൽ പുനരുപയോഗ ഊർജ്ജ സോളാർ വേഫറുകളിൽ നിന്നുള്ള സോളാർ സെല്ലുകൾ, സോളാർ പമ്പിങ് സംവിധാനങ്ങൾ, ഇലക്ട്രിക് വാഹന ഘടകങ്ങൾ എന്നിവയ്ക്കായി അത്യാധുനിക നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കും. പുതിയ പദ്ധതിയിലൂടെ സംസ്ഥാനത്ത് വലിയ തൊഴിലവസരങ്ങൾ തുറക്കുമെന്ന് കമ്പനി അവകാശപ്പെട്ടു. പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ സോളാർ പമ്പിങ് വ്യവസായ രംഗത്തെ എല്ലാ ആവശ്യങ്ങളും നിർമ്മിക്കാൻ കഴിയുന്ന രാജ്യത്തെ ആദ്യ കമ്പനിയായി ശക്തി പമ്പ്സ് മാറും. 40 വർഷത്തെ ബിസിനസ് പാരമ്പര്യമുള്ള ശക്തി പമ്പ്സ് ഗാർഹിക, കാർഷിക, വ്യാവസായിക ഉൾപ്പെടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്ന വിപുലമായ പമ്പുകളുടെ ശ്രേണി വാഗ്ദാനം ചെയ്യുന്നു. ഊർജ്ജ കാര്യക്ഷമതയിലും സുസ്ഥിരതയിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കമ്പനി ലോകമെമ്പാടുമുള്ള 100ലധികം രാജ്യങ്ങളിലേക്ക് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്. 'സംസ്ഥാനത്തെ വളർച്ചാ മുന്നേറ്റത്തോടുള്ള കമ്പനിയുടെ പ്രതിബദ്ധതയുടെ ഭാഗമാണ് പുതിയ നിക്ഷേപം. പുനരുപയോഗ ഊർജ്ജ, ഇലക്ട്രിക് വാഹന മേഖലകളിൽ കമ്പനിയുടെ സ്ഥാനം ശക്തിപ്പെടുത്തിക്കൊണ്ട് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം' ശക്തി പമ്പ്സ് ചെയർമാൻ ദിനേശ് പട്ടീദാർ പറഞ്ഞു



# വി ഗാർഡിന്റെ പ്രൊജക്ട് തരംഗ്

**കൊച്ചി:** ഇലക്ട്രിക്കൽ ഇലക്ട്രോ മെക്കാനിക്കൽ മേഖലകളിൽ പ്രായോഗിക വൈദഗ്ധ്യം നൽകാൻ വി ഗാർഡ് രൂപകൽപ്പന ചെയ്ത പ്രൊജക്ട് തരംഗ് പദ്ധതിയിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.പ്രായോഗിക പഠനവും തൊഴിലിടത്തെ പരിശീലനങ്ങളും സംയോജിപ്പിച്ചാണ് രണ്ടുമാസം നീണ്ട തീവ്ര പരിശീലന പരിപാടി ഒരുക്കിയത്. പരിശീലനത്തിന് ശേഷം എൻ എസ് ഡി സി സർട്ടിഫിക്കേഷനാണ് ലഭ്യമാക്കുന്നത്. സുസ്ഥിര കരിയർ കെട്ടിപ്പടുക്കാൻ യുവതലമുറയെ ശാക്തീകരിക്കുന്നതാണ് പദ്ധതി. വിഗാർഡ് ഫൗണ്ടേഷനിലെ ഡോ. റീന ഫിലിപ്പ് പരിപാടി ഉദ്ഘാടനം ചെയ്തു. യുവാക്കളെ പരിശീലിപ്പിക്കുക മാത്രമല്ല യഥാർഥ അവസരങ്ങളിലേക്കുള്ള വാതിലുകൾ തുറക്കുകയും ചെയ്യുകയാണ് ഇത്തരം പദ്ധതികളിലൂടെയെന്ന് ഡോ. റീന ഫിലിപ്പ് പറഞ്ഞു. യുവാക്കൾക്കായി നിക്ഷേപം നടത്തുമ്പോൾ ഭാവിയിലേക്കാണ് നിക്ഷേപം നടത്തുന്നതെന്നും വ്യവസായത്തിന്റെ വെല്ലുവിളികൾ ഏറ്റെടുക്കാൻ തയ്യാറുള്ള വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ രൂപപ്പെടുത്തുകയാണ് വിഗാർഡിന്റെ സംരംഭമെന്നും അവർ വ്യക്തമാക്കി. വി ഗാർഡ് ഇൻഡസ്ട്രീസ് സി എസ് ആർ ആന്റ് കോർപറേറ്റ് മാനുഫാക്ചറിംഗ് ഹെഡ് ശ്രീകുമാർ എ, വി ഗാർഡിലെ മുതിർന്ന അംഗങ്ങൾ, സി ആർ ആർ ടീം തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

# ആന്വിറ്റി നിക്ഷേപ പദ്ധതിയുമായി ഫെഡറൽ ബാങ്ക്

**കൊച്ചി:** പുതിയ സ്ഥിരനിക്ഷേപ പദ്ധതിയായ ആന്വിറ്റി സ്കീം ഫെഡറൽ ബാങ്ക് പുറത്തിറക്കി. സ്ഥിരനിക്ഷേപത്തിൽ നിന്ന് പ്രതിമാസം, ത്രൈമാസികം, അർദ്ധ വാർഷികം അല്ലെങ്കിൽ വാർഷിക അടിസ്ഥാനത്തിൽ പണം പിൻവലിക്കാവുന്ന പദ്ധതിയാണ് ആന്വിറ്റി സ്കീം. 5 മുതൽ 20 വർഷം വരെയുള്ള കാലയളവിൽ സ്ഥിരവരുമാനം നേടാനുള്ള സംവിധാനമാണ് പദ്ധതിയിലൂടെ ബാങ്ക് ഒരുക്കിയിരിക്കുന്നത്. മുതലിന്റെ ഒരു ഭാഗവും പലിശയുമാണ് തവണകളായി പിൻവലിക്കാവുന്നത്. കുറഞ്ഞത് പതിനഞ്ചു ലക്ഷം രൂപ മുതൽ രണ്ട് കോടി രൂപ വരെ ആന്വിറ്റി പദ്ധതിയിൽ നിക്ഷേപിക്കാം. ഇടപാടുകാർക്കായി മറ്റൊരു നൂതന ഉൽപ്പന്നം പുറത്തിറക്കിയതിൽ വളരെ സന്തോഷമുണ്ട്. 20 വർഷം വരെയുള്ള കാലയളവിൽ സ്ഥിരമായ വരുമാനം നേടാനുള്ള അവസരമാണ് ആന്വിറ്റി നിക്ഷേപ പദ്ധതി നൽകുന്നത്. ബാങ്കിംഗ് രംഗത്ത് സമാനതകളില്ലാത്തതാണ് ആന്വിറ്റി നിക്ഷേപ പദ്ധതി. കൂടുതൽ ഉപഭോക്തൃ കേന്ദ്രീകൃത ഉൽപ്പന്നങ്ങൾ നൽകി സമ്പാദ്യം വർധിപ്പിക്കാൻ ഇടപാടുകാരെ സഹായിക്കുന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്ന് പദ്ധതി ഔദ്യോഗികമായി പുറത്തിറക്കികൊണ്ട് ബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ശാലിനി വാരിയർ പറഞ്ഞു.ബാങ്കിന്റെ ബ്രാഞ്ച് ബാങ്കിംഗ് മേധാവി ഇക്ബാൽ മനോജ്, ഡെപ്പോസിറ്റ്സ് കൺട്രി ഹെഡ് പി വി ജോയ്, ചീഫ് റിസ്ക് ഓഫീസറായ ദാമോദരൻ സി എന്നിവർ സന്നിധരായിരുന്നു.അഞ്ച് വർഷ കാലയളവിൽ മുതിർന്ന പൗരന്മാർക്ക് 7.6 ശതമാനവും മറ്റുള്ളവർക്ക് 7.1 വും പലിശ ലഭിക്കും. അഞ്ച് മുതൽ പത്ത് വർഷം വരെയുള്ള കാലയളവിന് പലിശ യഥാക്രമം 7.1 , 6.6 ശതമാനമാണ്. പത്തിന് മുകളിൽ ഇരുപതു വർഷം വരെയുള്ള കാലയളവിലെ നിക്ഷേപങ്ങൾക്ക് പലിശ യഥാക്രമം 6 . 4 , 6.25 ശതമാനം ആണ്.അടിയന്തര സാഹചര്യങ്ങളിൽ നിക്ഷേപം പിൻവലിക്കാനോ നിക്ഷേപത്തിന് മേൽ വായ്പയെടുക്കാനോ സാധിക്കുന്നതാണ്. പെൻഷൻ പോലുള്ള ദീർഘകാല വരുമാനം തേടുന്ന ഇടപാടുകാർക്ക് ആന്വിറ്റി പദ്ധതി തികച്ചും അനുയോജ്യമാണ്.

# പുതിയ കാമ്പെയ്ൻ അവതരിപ്പിച്ച് ഗാർണിയർ

**കൊച്ചി** :ക്രിക്കറ്റ് ഐക്കൺ എംഎസ് ധോണിയെയും ഭാര്യ സാക്ഷി ധോണിയെയും അവതരിപ്പിക്കുന്ന ഗാർണിയർ ബ്ലാക്ക് നാച്ചുറൽസിനായി ഗാർണിയർ ഏറ്റവും പുതിയ കാമ്പെയ്ൻ അനാച്ഛാദനം ചെയ്തു. പ്രകൃതിദത്തമായ മുടിയുടെ നിറം എന്ന ബ്രാൻഡിന്റെ വാഗ്ദാനമാണ് കാംപയിൻ ചൂണ്ടിക്കാണിക്കുന്നത്.




# രോഗികൾക്കായി ജനറൽ വാർഡ് നവീകരിച്ചു നൽകി സൗത്ത് ഇന്ത്യൻ ബാങ്ക്

**തിരുവല്ല** :സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങളുടെ ഭാഗമായി സൗത്ത് ഇന്ത്യൻ ബാങ്ക് പുഷ്പഗിരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികൾക്കായി നവീകരിച്ചു നൽകിയ ജനറൽ വാർഡ് പ്രവർത്തനമാരംഭിച്ചു. ചടങ്ങ് സൗത്ത് ഇന്ത്യൻ ബാങ്ക് സിഇഒയും എംഡിയുമായ പി.ആർ ശേഷാദ്രി ഉദ്ഘാടനം ചെയ്തു.

പുഷ്പഗിരി സൊസൈറ്റി രക്ഷാധികാരിയും തിരുവല്ല മെത്രാപ്പൊലീത്ത ആർച്ച് ബിഷപ്പുമായ ആദരണീയ റവ. ഫാ. ഡോ.തോമസ് മാർ കൂറിലോസ് അധ്യക്ഷത വഹിച്ചു. പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റിയൂഷൻസ് പ്രിൻസിപ്പൽ അഡ്വൈസർ ജേക്കബ് പുന്നൂസ് മുഖ്യപ്രഭാഷണം നടത്തി. ജനറൽ മാനേജർ (ഫിനാൻസ് റിസോഴ്സസ്) കെ.കെ. മുരളീധര കൈമൾ പദ്ധതി വിശദീകരണം നടത്തി. പുഷ്പഗിരി സിഇഒ റവ. ഫാ. ഡോ. ബിജു വർഗീസ്, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ.റീനാ തോമസ്, ജനറൽ സർജറി വിഭാഗം എച്ച്ഒഡി ഡോ. സുനിൽ എസ്, പിഎംസിഎച്ച് മെഡിക്കൽ ഡയറക്ടർ ഡോ. അബ്രഹാം വർഗീസ്, എസ്ഐബി സീനിയർ ജനറൽ മാനേജർ മിനു മൂഞ്ഞേലി, പുഷ്പഗിരി മെഡിക്കൽ കോളേജ് ഡെപ്യൂട്ടി സ്പ്രെഡ്ന്റ് ഡോ മാത്യു പുളിക്കൻ, സൗത്ത് ഇന്ത്യൻ ബാങ്ക് തിരുവല്ല റീജിയണൽ ഹെഡ് ടൈനു ഈഡൻ അമ്പാട്ട്, കേരള സോണൽ ബിസിനസ് ഹെഡ് ഡിപിൻ എം തുടങ്ങിയവർ പങ്കെടുത്തു.

